വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കി നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആഗോളവൽക്കരണസമയത്ത് ചെറുകിട വ്യവസായ മേഖലയിലെ ഉല്പന്നങ്ങൾക്ക് ഐ.എസ്.ഒ. 9000 അടിസ്ഥാനമാക്കിയുള്ള ഗുണമേന്മ ഉറപ്പുവരുത്തി ഇവയെ ഫലപ്രദമായി ഉപഭോക്താക്കൾക്ക് എത്തിക്കാൻ വേണ്ട എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ഉദ്ദേശം. ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ സർക്കാർ വിവിധ പദ്ധതികൾ ഇതിനകം ആവിഷ്ക്കരിച്ചുകഴിഞ്ഞു. പുതിയ സാങ്കേതികവിദ്യ വ്യവസായികൾക്ക് ലഭ്യമാക്കാൻ ഉതകുന്നതരത്തിലുള്ള ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി, കരകൗശല ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും ഗുണമേന്മയും ഉറപ്പുവരുത്താനുതകുന്ന രീതിയിൽ കോമൺ ഫെസിലിറ്റി സെന്റർ, വിപണനം സുഗമമാക്കാനായി വിപണന എമ്പോറിയങ്ങൾ സ്ഥാപിക്കുക എന്നീ പദ്ധതികൾ ഇതിൽ എടുത്തുപറയേണ്ട പുതിയ പദ്ധതികളാണ്. ഏഷ്യാ പെസഫിക് സെന്റർ ഫോർ ടെക്നോളജി ട്രാൻസ്ഫറുമായി കെ.ബി.ബിപ്പ് ഒരു കരാറുണ്ടാക്കി. പുതിയ സാങ്കേതികവിദ്യ ലഭിക്കുന്നതിനും നടപടിയെടുത്തുകഴിഞ്ഞു. പനമ്പു വ്യവസായ മേഖലയെ സഹായിക്കാൻ സാങ്കേതിക സഹായം നൽകാൻ ആദ്യ ഡെലിഗേഷൻ വന്നുകഴിഞ്ഞു. രോഗഗ്രസ്ഥ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് വിദഗ്ദ്ധന്മാരെ നിയമിച്ച് പ്രവർത്തനം ഭൂരിപക്ഷം ജില്ലകളിലും നടന്നുവരുന്നു.

(ഡി) സർക്കാർ നയപരിപാടികളുടെ ഫലം കണ്ടെത്താൻ ഇനിയും സമയം ആവശ്യമാണ്. തകർച്ചയുടെ വക്കിൽ എത്തിനിൽക്കുന്ന വ്യവസായങ്ങളെ പുനരുദ്ധരിക്കുക എന്നത് കാലതാമസം ഉളവാക്കുന്ന ഒരു സാങ്കേതിക പ്രക്രിയയായതിനാൽ ദീർഘകാലാടിസ്ഥാനത്തിൽ മാത്രമേ ഇതിന്റെ പൂർണ്ണ ഫലം അറിയാൻ കഴിയൂ.

ഗ്രാമീണ വ്യവസായങ്ങൾ

13 (1354) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ആക്കം കൂട്ടുന്നതിൽ ചെറുകിട ഗ്രാമീണ വ്യവസായങ്ങൾ പ്രോച്ചപ്പെടുത്തേണ്ടതുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ നടപടികളുടെ ഫലമായി ചെറുകിട വ്യവസായ രംഗത്ത് എന്തെല്ലാം മാറ്റം വരുത്തുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻ വേണ്ടി പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം വായ്പയ്ക്കും പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതി പ്രകാരം സാമ്പത്തിക സഹായവും അനുവദിക്കുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻവേണ്ടി കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിനായി പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വിവിധ തരത്തിലുള്ള ആനുകൂല്യങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡു വഴി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് കണ്സോർഷ്യം സ്കീം പ്രകാരം നേരിട്ട് വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ പലിശ സബ്സിഡിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് മാർജിൻമണി ഗ്രാന്റും ഖാദി ബോർഡ് അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം ഖാദി ബോർഡ് നേരിട്ട് ചെറുകിട യൂണിറ്റുകൾ ആരംഭിച്ചുവരുന്നു.

(സി) കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിതമാകുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അതിന്റെ ഫലമായി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഒരു പരിധിവരെ ആക്കം കൂട്ടുവാനും കഴിഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ മുതൽമുടക്ക്

14 (1355) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98, 1998-99 എന്നീ ഓരോ സാമ്പത്തിക വർഷങ്ങളിലേയും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രഗവൺമെന്റിന്റെ മുതൽമുടക്ക് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് കേന്ദ്ര മുതൽമുടക്കിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് 95-96-ൽ 484.37 കോടി രൂപയും, 96-97-ൽ 601.74 കോടി രൂപയും 97-98-ൽ 724.04 കോടി രൂപയും ആണ് കേന്ദ്ര ഗവൺമെന്റ് നിക്ഷേപം. 1998-99 സാമ്പത്തിക വർഷത്തെ കണക്ക് ശേഖരിച്ച് വരുന്നതേ ഉള്ളൂ.

(ബി) ഇത് അതതു വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ 1.68 ശതമാനവും, 2.14 ശതമാനവും, 2.39 ശതമാനവും വീതമാണ്.

'ടെൽക്കി'ന് സാമ്പത്തിക സഹായം

15 (1356) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെൽക്കിന് ഏതെല്ലാം വിധത്തിൽ എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 സാമ്പത്തിക വർഷം ടെൽക്ക് ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ എത്രയായിരുന്നു ലാഭമെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly